# ഡയറ്റ് കണ്ണൂർ

## മുകുളം എസ് എസ് എൽ സി മാതൃകാ പരീക്ഷ –മാർച്ച് 2022
## മലയാളം പേപ്പർ 2 – അടിസ്ഥാനപാഠാവലി

സമയം: $1\frac{1}{2}$ മണിക്കൂർ                                                    പരമാവധി സ്കോർ: 40

---

നിർദ്ദേശങ്ങൾ

- ആദ്യത്തെ 15 മിനുട്ട് സമാശ്വാസ സമയമാണ്.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം അതതു ചോദ്യവിഭാഗങ്ങൾക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്നിവ പരിഗണിക്കണം.
- വിഭാഗം Aയിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നും വിഭാഗം Bയിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയയ്ക്ക് പുറത്ത്നിന്നുമാണ് നൽകിയിരിക്കുന്നത്.

---

പാർട്ട് I

**വിഭാഗം A**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.(1സ്കോർവീതം)** $(4 \times 1 = 4)$

1. നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു.
   ഇവിടെ തെളിയുന്ന കോരന്റെ മനോഭാവം എന്ത്?
   - പ്രതിഷേധം
   - അലസത
   - സംതൃപ്തി
   - അഹങ്കാരം
2. പ്രായം കൊണ്ടുള്ള അവശത നന്നെയുണ്ടെങ്കിലും ചിലപ്പോൾ അവർ മകനോട് പറയും. “മകനെ മൂടുമറക്കരുത് ”
   അടിവരയിട്ടപ്രയോഗം സൂചിപ്പിക്കുന്നത് എന്ത്?
   - ജീവിതലക്ഷ്യം കൈവരിച്ചതിലെ സന്തോഷം
   - ജീവിതത്തിൽ പിന്നിട്ട വഴികൾ ഓർമ്മവേണം എന്ന താക്കീത്
   - പരാശ്രയത്വത്തിൽ നിന്നുണ്ടാവുന്ന സങ്കടം
   - മകനോടുള്ള അമ്മയുടെ പ്രാർത്ഥന
3. കർക്കടകമാസത്തിലെ കറുത്തവാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെക്കൊണ്ടു നക്ഷത്ര നിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയേയും ഉൽക്കടമാക്കിത്തീർത്തു.
   ആരുടെ വേർപാടിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?
   - ഇലഞ്ഞിമരത്തിന്റെ
   - പൊന്നശോകത്തിന്റെ
   - കൊച്ചു ചക്കരച്ചിയുടെ
   - ചെമ്പകമരത്തിന്റെ
4. ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു.
   ശബ്ദങ്ങളുടെ കരിയിലകൾ എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
   - അമ്മയുടെ മൗനം
   - മൗനത്തിലാണ്ട വീട്
   - നിയന്ത്രണമില്ലാത്ത ശബ്ദങ്ങൾ
   - അച്ഛന്റെ ശബ്ദസാന്നിദ്ധ്യം

5. എങ്ങോട്ടുപോകുന്നുവെന്ന് ചോദിച്ചില്ല, എന്തിനെന്നും;
ഈ വരികളിൽ പ്രകടമാവുന്നത് എന്ത്?

- വാർദ്ധക്യാവസ്ഥ
- മകനിലുള്ള വിശ്വാസം
- സ്ഥലത്തെക്കുറിച്ചുള്ള അജ്ഞത
- സ്ഥലത്തെക്കുറിച്ചുള്ള മുൻപരിചയം

6. നല്ലതിഥി നമുക്കിനിയാരിതുപോലെ?
നല്ലതിഥി എന്ന പ്രയോഗത്തിലൂടെ സൂചിതമാകുന്നത് ആര്?

- പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
- പഴയൊരു പുള്ളുവൻ
- മൂവുലകാണ്ട മഹാബലി മന്നൻ
- ഗ്രാമപ്പെൺകൊടിമാർ

**വിഭാഗം B**

**7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.(1 സ്കോർ വീതം)** $(3 \times 1 = 3)$

7. പത്രമെന്ന വിരോധാഭാസം ഇതത്രേ.
ഈ പ്രസ്താവനയിൽ സൂചിതമാവുന്നത് എന്ത്?

- പത്രം അനുദിന വാർത്തകൾ നൽകുന്നു
- പത്രം ശാസ്ത്രസംബന്ധിയായ വാർത്തകൾ നൽകുന്നു
- പത്രം യുക്തിചിന്തകൾ പ്രചരിപ്പിക്കുന്നു.
- പത്രത്തെ എതിർക്കണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം

8. "ചാക്കുണ്ണ്യേ, നീയായതോണ്ടാ ഞാനിതിന് സമ്മതിച്ചത്".
"ഇതിപ്പോ നീയ് ആദ്യമായിട്ട് ഒരു കാര്യം വന്ന് ചോയിക്കുമ്പോ ഇല്ലാന്നെങ്ങന്യാ പറയ്വാ"?
ചെമ്പുമത്തായിയുടെ ഈ നിരീക്ഷണത്തിന്റെ യുക്തി എന്ത്?

- റേഡിയോ ഉടമ എന്ന നിലയിലുള്ള അംഗീകാരം
- ചാക്കുണ്ണിയുമായുള്ള കുടുംബബന്ധം
- ചാക്കുണ്ണിയിൽ ചെമ്പുമത്തായിക്കുള്ള വിശ്വാസ്യത
- ചാക്കുണ്ണി ധനികനായതിലുള്ള അംഗീകാരം

9. മാതൃകയിലുള്ളതുപോലെ പദച്ചേരുവയെ മാറ്റി എഴുതുക.
പരമലക്ഷ്യം - പരമമായ ലക്ഷ്യം
സമൂഹോന്നമനം -

പാർട്ട് II

വിഭാഗം A

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ)** $(1 \times 2 = 2)$

10. കൊച്ചു ചക്കരച്ചി നേരുള്ള മാവാണ്.
-ഈ പ്രസ്താവന സാധൂകരിക്കുന്ന രണ്ട് സന്ദർഭങ്ങൾ എഴുതുക.

**വിഭാഗം B**

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.(2 സ്കോർ)** $(1 \times 2 = 2)$

11. "പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു".
പത്രങ്ങളുടെ അപചയത്തെക്കുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ എന്തെല്ലാം?

12. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കി എഴുതുക.
ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു.

പാർട്ട് III

വിഭാഗം A

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് നാലോ അഞ്ചോവാക്യത്തിൽ ഉത്തരമെഴുതുക.(3 സ്കോർ വീതം)** $(3 \times 3 = 9)$

13. "നെല്ലില്ല, പിശാശ്ശുക്കള്"
"അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി."
(പ്ലാവിലക്കഞ്ഞി)
അക്കാലത്തെ സാമൂഹ്യാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വാക്യങ്ങൾക്ക് കഴിയുന്നുണ്ടോ? വിശദമാക്കുക.

14. പക്ഷേ ചെന്നു നോക്കുമ്പോൾ അറിയാം മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്.
(ഓരോ വിളിയും കാത്ത്)
അച്ഛൻ എന്ന കഥാപാത്രത്തിന്റെ ഏതെല്ലാം സവിശേഷതകളാണ് ഈ വാക്യത്തിലൂടെ വ്യക്തമാവുന്നത്?

15. അതുവരെ കാണാതിരുന്ന അളവിലും ആഴത്തിലും തറവാടിന്റെ ആ ചിരബന്ധുവിന്റെ ഗുണങ്ങൾ ഹൃദയത്തിൽ ആഞ്ഞുപതിച്ചു (കൊച്ചുചക്കരച്ചി)
മാവിനെ ചിരബന്ധുവായി കല്പിച്ചിരിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തുക.

16. ഓണക്കാലത്തുണരും ഞാൻ
തിരുവോണപ്പാട്ടുകളാണെൻ പാട്ടുകൾ (ഓണമുറ്റത്ത്)
കേരളീയതയും ഓണവും കവിയെ എത്രമാത്രം പ്രചോദിപ്പിക്കുന്നു? കാവ്യസന്ദർഭങ്ങൾ പരിഗണിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

**വിഭാഗം B**

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് നാലോ അഞ്ചോവാക്യത്തിൽ ഉത്തരമെഴുതുക.(3 സ്കോർ)** $(1 \times 3 = 3)$

17. മനുഷ്യർ പാട്ടുകേട്ട് സമയം കളയുന്നതെന്തിനാണെന്ന് ചെമ്പുമത്തായിക്ക് ഒരു കാലത്തും മനസ്സിലായിരുന്നില്ല.
(പണയം)
സന്ദർഭം നൽകുന്ന കഥാപാത്രസൂചനകൾ എന്തെല്ലാമാണ്?

പാർട്ട് IV

വിഭാഗം A

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.(4 സ്കോർ വീതം)** $(2 \times 4 = 8)$

18. ഒരു ചട്ടിയുടെ ഇരുവശത്തുമായി ഭാര്യയും ഭർത്താവും ഇരുന്നു
"അവളു കുടിച്ചില്ല. ഏന്ന കോരിക്കോരിത്തന്നു"
(പ്ലാവിലക്കഞ്ഞി)
ഇല്ലായ്മകൾക്കിടയിലും ജീവിതത്തെ പ്രകാശപൂരിതമാക്കുന്നത് സ്നേഹബന്ധങ്ങളുടെ ഇഴയടുപ്പമാണ്. വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

19. അച്ഛൻ വിളിച്ചില്ലെങ്കിൽപ്പോലും, വെറുതെ ഒരു ശബ്ദം കേട്ടാൽ മതി, അതിന് മറുവിളി കൊടുക്കുക എന്നുള്ളതും അമ്മയുടെ ശീലമായി മാറിയിരിക്കുന്നു.
"ഇവിടെ അമ്മയെ തനിച്ച് നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ"
"ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നീട്ടില്ല"

(ഓരോ വിളിയും കാത്ത്)

കഥയിൽ ആവിഷ്കരിച്ചിരിക്കുന്ന ബന്ധങ്ങളുടെ തീവ്രത വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

20. നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിള് തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിട്ടു-
മോണക്കോടിയുടുത്തൊരുഷസ്സേ

(ഓണമുറ്റത്ത്)

പ്രഭാതത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഈ വർണ്ണനയിലൂടെ വ്യക്തമാവുന്നത്?

**വിഭാഗം B**

**21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.(4 സ്കോർ)**

$(1 \times 4 = 4)$

21. ഓരോന്നിനോരോ മൊഴിച്ചന്തമമ്മയാം
നേരിന്റെയീണവും താളവുമിമ്പവും
x x x x x
തായ്മനസ്സിന്റെ തുടിപ്പുകളെങ്ങനെ
തായ്ച്ചൊല്ലിലൂറിയ താളങ്ങളെങ്ങനെ?
മാതൃഭാഷയ്ക്ക് വേണ്ടിയുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് അമ്മയുടെ എഴുത്തുകൾ എന്ന കവിത - വിശദീകരിക്കുക.

22. ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി

(ശ്രീനാരായണഗുരു)

കുറ്റിപ്പുഴ കൃഷ്ണപ്പിള്ളയുടെ ഈ നിരീക്ഷണത്തിന്റെ പൊരുൾ വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

പാർട്ട് V

വിഭാഗം A

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.(5 സ്കോർ)**

$(1 \times 5 = 5)$

23. ഇപ്പെരും മാളിന്റെ(ഇപ്പെരുമാളിന്റെ)
തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു
x x x x x
എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടു കരിന്തിരിയാളും വരെയവർ

(അമ്മത്തൊട്ടിൽ)

ഉപേക്ഷിക്കപ്പെടുന്ന പെറ്റമ്മയുടെ ദൈന്യം ഹൃദയസ്പർശിയായി ആവിഷ്കരിക്കുന്ന കവിതയാണ് അമ്മത്തൊട്ടിൽ. ഇത്തരം പ്രവണതകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ? സമകാലിക സാമൂഹ്യ അവസ്ഥകൾ കൂടി പരിഗണിച്ച് **അവഗണിക്കപ്പെടുന്ന വാർദ്ധക്യം** എന്ന വിഷയത്തിൽ ഒരു എഡിറ്റോറിയൽ (മുഖപ്രസംഗം) തയ്യാറാക്കുക.

24. മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരു പിടിക്കുക എന്നത് മത്തായിയുടെ വ്രതമായി.
ഉള്ള സ്ഥലം കൂടി എഴുതിത്തന്നേച്ച് അതിന്റെ വിലമേടിച്ചു കൊണ്ട് മലബാറിലെങ്ങാനും പോകരുതോ ഇവന് എന്ന മനോഭാവമാണു മത്തായിക്ക്.

(കോഴിയും കിഴവിയും)

മറ്റ് കഥാസന്ദർഭങ്ങൾ കൂടി പരിഗണിച്ച് മത്തായി എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.